പ്രോഗ്രാം കമ്മിറ്റി	...	189168.00
ലോജിസ്റ്റിക് കമ്മിറ്റി (ഉപഹാരം, ഗതാഗതം ഉൾപ്പെടെ)	...	366114.00
പരസ്യപ്രചാരണം, കലാസന്ധ്യ	...	1070480.00
താമസം, ഭക്ഷണം	...	1325861.00
ആകെ	...	2951623.00

(സി) ഉപഹാരങ്ങൾ വാങ്ങുന്നതിനായി 1,27,500 (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവായി. ആറന്മുള കണ്ണാടികളാണ് വാങ്ങിയത്. ആകെ 25 കണ്ണാടികൾ വാങ്ങിയതിൽ 17 എണ്ണം അതിഥികൾക്ക് നൽകി. ബാക്കി 8 എണ്ണം വനം വകുപ്പിന്റെ സ്റ്റോക്കിലുണ്ട്.

ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ

286 (2115) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ടോ ; വിശദമാക്കാമോ ;

(ബി) പുതുതായി ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി നൽകുന്നുണ്ടോ ; ഇവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) നിലവിലുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ?

ഉത്തരം

(എ)നിയന്ത്രണങ്ങളുണ്ട്. 30-10-2002-ന് മുമ്പ് മുതൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകളോട് ചേർന്ന് പ്രസ്തുത തീയതിക്കുമുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ തുടർന്നും അതേ മാതിരി പ്രവർത്തിക്കാൻ അനുമതിയുള്ളൂ.

(ബി) പുതുതായി തുടങ്ങുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനം വകുപ്പ് ലൈസൻസ് അനുവദിക്കുന്നുണ്ട്. ലൈസൻസ് ലഭിക്കുന്നതിനായി നിശ്ചിത ഫീസടച്ച് നിശ്ചിത ഫോറത്തിൽ ലൈസൻസിനായുള്ള അപേക്ഷ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ലൈസൻസ് ലഭിക്കുന്നതിന് 3-8-2012-ലെ സ.ഉ. (സാധാ)398/2012/വനംനമ്പർ ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ നിക്ഷേപം അടയ്ക്കേണ്ടതുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 30-10-2002-ന് മുമ്പ് മുതൽ പ്രവർത്തിച്ചുവരുന്ന ഈർച്ച മില്ലിനോട് ചേർന്ന് പ്രസ്തുത തീയതിക്ക് മുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ നിലവിൽ അതേമാതിരി പ്രവർത്തിക്കുന്നതിന് അനുമതിയുള്ളൂ. ബാക്കിയുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റ് കൂടി പ്രവർത്തിപ്പിക്കുവാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല.

വനഭൂമിയുടെ പരിപാലനം

287 (2116) ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വനഭൂമിയുടെ പരിപാലനം സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിലപാടിന് അടിസ്ഥാനമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മാർഗ്ഗരേഖയുടെ കരട് സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്.

(ബി) സ്വാഭാവിക വനം സ്വകാര്യ മേഖലയ്ക്ക് കൈമാറേണ്ടതില്ല. ശോഷിച്ച പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വനവികസന ഏജൻസികളുടെ പങ്കാളിത്തത്തോടെ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക എന്നിവയാണ് നിലപാട്.

(സി) വനാശ്രിത സമൂഹത്തിന്റെ തൊഴിലവസരം വർദ്ധിപ്പിക്കുക, വനങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുക, ഈ പ്രവർത്തനങ്ങൾക്കായി അധികവിഭവ സമാഹരണം നടത്തുക എന്നിവയാണ് പ്രസ്തുത നിലപാടിനുള്ള കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly